373 (1566) ട്രിഡയിലെ നിയമനം

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന അതോറിറ്റിയിൽ ജീവനക്കാരുടെ നിയമന സേവന വേതന വ്യവസ്ഥകളെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ എത്രയും പെട്ടെന്ന് സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ട്രിഡായിൽ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജീവനക്കാരെ നിയമിക്കാറുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ തസ്തികകളിലാണ് നിയമിക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ടുചെയ്തിട്ടുണ്ടോ;

(ഡി) ട്രിഡയിൽ ഇപ്പോൾ അനുവദനീയമായ തസ്തികകൾ ഏതെങ്കിലും ഒഴിഞ്ഞുകിടപ്പുണ്ടോ; എങ്കിൽ അവയിലേയ്ക്ക് പി.എസ്.സി. മുഖാന്തിരമോ പ്രൊമോഷൻ മുഖാന്തിരമോ നിയമനം നടത്തുന്നതിന് സാങ്കേതിക തടസ്സം എന്തെങ്കിലും ഉണ്ടോ; ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വികസന അതോറിറ്റി ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് ഇപ്പോൾ നിലവിലില്ല. 1984-ലെ കേരള വികസന അതോറിറ്റി റൂൾസിൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരമാണ് അതോറിറ്റി ജീവനക്കാരുടെ നിയമന സേവന വേതന വ്യവസ്ഥകൾ പാലിച്ചുപോകുന്നത്. യൂണിഫൈഡ് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നു.

(ബി)&(സി) സ്ഥിരം നിയമനം ആവശ്യമില്ലാത്ത തസ്തികകൾ പരിചയ സമ്പന്നമായ ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിന് ഡെപ്യൂട്ടേഷനിൽ ജീവനക്കാരെ നിയമിക്കാറുണ്ട്. അസിസ്റ്റന്റ് ഗ്രേഡ് 1, സീനിയർ ഗ്രേഡ് അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, ഫിനാൻസ് ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, ടൗൺ പ്ലാനർ എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ വഴി നിയമം നടത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ പി.എസ്.സി.യുടെ നേരിട്ടുള്ള നിയമന പരിധിയിൽ വരുന്നവയല്ല.

(ഡി) ട്രിഡയിൽ ഇപ്പോൾ അനുവദനീയമായ ചില തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്. ഒഴിവുള്ള തസ്തികകൾ നികത്തേണ്ടതിന്റെ ആവശ്യകതയും ജോലിയുടെ സ്വഭാവവും ഒഴിവുകൾ പി.എസ്.സി. വഴിയോ പ്രൊമോഷൻ വഴിയോ നികത്തുന്നതു സംബന്ധിച്ചുള്ള ട്രിഡയുടെ തീരുമാനവും പരിഗണിച്ചാണ് ഇതു സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

374 (1567) റോഡ് പണിയുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) തിരുവനന്തപുരം ജില്ലയിൽ കഴക്കൂട്ടം ബ്ലോക്കിൽ പോത്തൻകോട് പഞ്ചായത്തിൽപ്പെട്ട വാവറ അമ്പലം-താളംകോട് നേതാജിപുരം ശ്രീനാരായണപുരം വേങ്ങോട് റോഡിന്റെ പണിയിൽ അഴിമതി നടക്കുന്നുവെന്നത് സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടി വിശദീകരിക്കുമോ;

(സി) ഈ റോഡിന്റെ പണിയിൽ നടക്കുന്നതായി പറയുന്ന അഴിമതിയെപ്പറ്റി അന്വേഷണം നടത്താനും ഗുണനിലവാരം ഉറപ്പുവരുത്തി റോഡ്പണി നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിന്മേൽ അന്വേഷണം നടക്കുന്നുണ്ട്.

(സി) അഴിമതി സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ലാൽബഹദൂർ ശാസ്ത്രി സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ഗുണനിലവാരം ഉറപ്പുവരുത്തുന്നത്. ഓരോ ഘട്ടത്തിലും എൻജിനീയറിംഗ് കോളേജ് ലാബിൽ പരിശോധിച്ച് ടെസ്റ്റ് റിസൾട്ട് യഥാസമയം വിലയിരുത്തുന്നുണ്ട്.

375 (1568) മീനടം പഞ്ചായത്ത് പ്രസിഡന്റ് തെരഞ്ഞെടുപ്പ്

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിൽ മീനടം പഞ്ചായത്തിൽ പഞ്ചായത്ത് പ്രസിഡന്റിനെതിരെ അവിശ്വാസം പാസ്സാക്കുകയും വൈസ് പ്രസിഡന്റിന് ചാർജ്ജ് കൊടുക്കുകയും ചെയ്തിട്ട് രണ്ട് മാസം കഴിഞ്ഞിട്ടും പ്രസിഡന്റ് തെരഞ്ഞെടുപ്പ് നടന്നിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്ത് സാഹചര്യത്തിലാണ് പഞ്ചായത്ത് പ്രസിഡന്റ് തെരഞ്ഞെടുപ്പ് നീണ്ടുപോകുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) എത്രയും വേഗം പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അവിശ്വാസപ്രമേയം പാസ്സാക്കിയതിനുശേഷം കേരള പഞ്ചായത്ത്രാജ് സെക്ഷൻ 157 (12) അനുസരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കാലതാമസം നേരിട്ടു.

(സി) വിജ്ഞാപനം പുറപ്പെടുവിച്ചുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷൻ മുഖേന തെരഞ്ഞെടുപ്പ് നടത്താൻ നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly